# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.577

24.01.2018-ൽ മറുപടിയ്ക്ക്

## മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിഗണിച്ചുവരുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവിലില്ല. |
| ബി) | ഗ്വാളിയർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ഗ്വാളിയർ റയോൺസിന് വ്യവസായം ആരംഭിക്കുന്നതിനായി സർക്കാർ 238.41 ഏക്കർ ഭൂമി നല്കിയിരുന്നു. എന്നാൽ അവിടെ നടന്നുവന്നിരുന്ന വ്യവസായ പ്രവർത്തനം 2001-ൽ നിലച്ചുപോയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് 10.10.2017 ലെ ജി.ഒ.(എം.എസ്) 97/2017/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മെ.ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് ഫയൽ ചെയ്ത കേസ് (WP(C) 33103/2017) ഇപ്പോഴും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത ഉത്തരവിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) | വ്യവസായ വകുപ്പിന്റെ ഭൂമിയിൽ നിന്നും സർക്കാരിന്റെ ഇതര ആവശ്യങ്ങൾക്കായി സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | ബഹു.ഹൈക്കോടതിയിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യം പരിഗണിക്കാനാകൂ. |

സെക്ഷൻ ഓഫീസർ